// # വിപശ്യനാ പത്രിക

*സയാജീ ഊ ബാ ഖിൻന്റെ പരമ്പരയ്ക്കനുസരിച്ച് എസ. എൻ. ഗോയങ്ക പഠിപ്പിച്ച ധ്യാന വിധി*

**Vol. 8, No. 1 : ജനവരി 2015**
**മലയാളം മാസ പത്രിക**

**വിപസ്സന റിസർച്ച് ഇൻസ്റ്റിറ്റ്യൂട്**
**ധമ്മഗിരി, ഇഗത്പുരി - 422 403, മഹാരാഷ്ട്ര**

### *ധർമ്മ വാണി*

*തപോ ച ബ്രഹ്മചരിയം ച,*
*അരിയസച്ചാന ദസ്സനം,*
*നിബ്ബാണ സച്ഛികിരിയാ ച,*
*ഏതം മംഗളമുത്തമം.*

തപസ്സ് ചെയ്യുക, ബ്രഹ്മചര്യം പാലിക്കുക,
ആര്യ സത്യങ്ങളെ ദർശിക്കുക,
നിർവ്വാണത്തെ സാക്ഷാത്കരിക്കുക,
ഇതാണ് ഉത്തമമായ മംഗളം.

— **ഖുദ്ദക നികായ, ഖുദ്ദകപാഠപാളി, മംഗളസുത്തം** (വീ.ആർ.ഐ. 1.4)

## മൂന്നു ദിന പ്രവചനം — 2

**എസ. എൻ. ഗോയങ്ക**

*(ഗോയങ്കജിയുടെ മൂന്നു ദിന ശിബിരത്തിലെ പ്രവചനം)*

....അതുകൊണ്ട് മുക്തനായ വ്യക്തി പറയുന്നത് – നിനക്ക് നിന്റെ അനുഭൂതിയിൽ വരുമ്പോൾ മാത്രം നിർവ്വാണം സത്യമാകും – ''ദിട്ഠേ ധമ്മെ നിബ്ബാണം'' ദൃശ്യമായ ധർമ്മമായിത്തിരും, നിന്റെ അനുഭൂതിയിൽ പ്രത്യക്ഷമാകും, അപ്പോൾ സ്വീകരിക്കുക. ഞാൻ പറയുന്നതുകൊണ്ടു മാത്രം സ്വീകരിക്കേണ്ട. അല്ലെങ്കിൽ ഏതെങ്കിലും ഇടത്താലശത്തിൽ തടഞ്ഞുപോകും. സ്വീകരിക്കുന്നതുകൊണ്ട് യാതൊന്നും നേടുന്നില്ല. അനുഭവിക്കുമ്പോൾ എല്ലാം നേടും.

അനുഭവമാകുന്ന ജോലിയാണ് ചെയ്യുന്നത്. അപ്പോൾ ശരീരത്തെ കുറിച്ചു അനുഭൂതി കിട്ടി തുടങ്ങി. വിപശ്യന ആരംഭിച്ചപ്പോൾ ശരീരത്തെകുറിച്ചുള്ള അനുഭൂതി ആരംഭിച്ചു. എത്ര കടുപ്പം തോന്നിക്കുന്ന ശരീരം? തല മുതൽ കാലുവരെ നോക്കികൊണ്ടിരിക്കുന്നു. തലമുതൽ കാലുവരെ എത്ര ഘനീഭൂ തമായിരിക്കുന്നു? ആദ്യമായി മനസിലാക്കി തുടങ്ങിയ കാര്യം – എത്രതന്നെ ഘനീഭൂതമായിരുന്നാലും, എത്രതന്നെ സ്ഥൂലമായിരുന്നാലും, എന്തു കാരണം കൊണ്ടുണ്ടായതായാലും ശരി, നിത്യമായതല്ലല്ലോ, ശാശ്വതമായതല്ലല്ലോ, ധ്രുവമായതല്ലല്ലോ? സമയം കുറെ കഴിയുമ്പൊൾ സമാപ്തമാകും മാറിപോകും. ഇവിടെ നിന്നുമാണ് ജോലി ആരംഭിച്ചത്. നോക്കി, നോക്കി അതിന്റെ വിഘടനം തുടങ്ങി, ചെറിയ ചെറിയ തുണ്ടുകളായി തുടങ്ങി. അതിലും ചെറുത്, അതിലും ചെറുത്. ശരീരം മുഴുവനും തരംഗം മാത്രം എന്ന അവസ്ഥയിൽ എത്തിചേരും. അപ്പോൾ കാണും – ഓരോ തരംഗത്തിലും ഉത്പാദനവും വ്യയവും നടന്നുകൊണ്ടിരിക്കുന്നു. ഇതും അനിത്യമായതാണ്, അനിത്യമായതാണ്. ഇങ്ങനെ അനുഭൂതിയുടെ തലത്തിൽ ശരീരത്തെ കുറിച്ചുള്ള സത്യം അറിഞ്ഞുകൊണ്ട് മുന്നേറും. സ്ഥൂലം മുതൽ സൂക്ഷ്മമായതുവരെ, അനിത്യമാണ്. അനിത്യമാണ്. ഇത് അനുഭവത്തിൽ നിന്നറിയും.

നമ്മളുടെ ശാസ്ത്രം അനിത്യമെന്നു പറയുന്നതുകൊണ്ടല്ല, ഗുരുജനങ്ങൾ അനിത്യമാണെന്ന് പറയുന്നതുകൊണ്ടല്ല, എന്റെ അനുഭൂതിയിൽ അറിയുന്നതുകൊണ്ടാണ്, അനിത്യമാണ് അനിത്യമാണ്. അനിത്യമായതിനോട് എന്ത് രാഗം? അനിത്യമായതിനോട് എന്ത് ദ്വേഷം? ഇത് അവസാനിച്ചു കൊണ്ടേയിരിക്കുന്നു. ഉത്പന്നമാകുന്നു, നഷ്ടമാകുന്നു. ഇതിനെ നല്ലത് എന്ന് എങ്ങിനെ കരുതാൻ? ഇതിനെ ചീത്ത എന്ന് എങ്ങിനെ കരുതാൻ? ഇതിനാൽ ഞാൻ, എന്റേത് എന്ന ഭാവം അലിഞ്ഞുതുടങ്ങും. ഇതിനോടുള്ള ആസക്തി സഹജമായി തകർന്നുതുടങ്ങും. ഇതിനോട് രാഗം ജനിപ്പിക്കുന്ന സ്വഭാവം മാറിത്തുടങ്ങും. ഇതിനോട് ദ്വേഷം ജനിപ്പിക്കുന്ന സ്വഭാവം മാറിത്തുടങ്ങും. ഇങ്ങനെ തന്റെ അനുഭവം കൊണ്ട് അറിഞ്ഞ് മുന്നേറി തുടങ്ങും.

ഇതേപോലെ ചിത്തത്തിനെകുറിച്ചു നോക്കുമ്പോൾ നാലു വലിയ ഭാഗങ്ങൾ വളരെ വേഗം ബോദ്ധ്യമാകും. വളരെ കൂടുതൽ മുന്നേറുമ്പോൾ അവയെ വീണ്ടും വീണ്ടും ചെറുതാക്കി, ചെറുതാക്കി വളരെ ആഴത്തിലുള്ള സത്യങ്ങൾ അറിഞ്ഞുതുടങ്ങും. എന്നാൽ ആരംഭത്തിൽ ഈ നാലു ഖണ്ഡങ്ങൾ, പത്തുദിവസ ശിബിരങ്ങളിൽ പലപ്പോഴും, കേട്ടിട്ടുള്ളവയാണ്. മനസ്സിലാകും. ഒരു ഖണ്ഡം, വിജ്ഞാനം എന്ന് പറയുന്നത്, രണ്ടാമത്തേത് സംജ്ഞ എന്ന് പറയുന്നത്, മൂന്നാമത്തെത് വേദന എന്നും നാലാമത്തെത് സംസ്ക്കാരം എന്നും പറഞ്ഞു. വിജ്ഞാനം എന്നാൽ അറിയുന്ന ഭാഗം, അതിന്റെ

പ്രവർത്തി അറിയുക മാത്രമാണ്. സംജ്ഞ എന്നാൽ തിരിച്ചറിയുന്ന ഭാഗം, അനുഭവം കൊണ്ട് അനുഭൂതിയുടെ തലത്തിൽ തിരിച്ചറിയുന്നത്. മൂല്യനിർണ്ണയം ചെയ്യുന്ന ഭാഗം. വേദന എന്നാൽ സംവേദനാശീലമായ ഭാഗം, സംസ്ക്കാരം എന്നാൽ പ്രതിക്രിയ ചെയ്യുന്ന ഭാഗം. ഇപ്രകാരം വ്യക്തമായി അറിയുവാൻ തുടങ്ങും. നോക്കൂ, ഈ ചിത്തതിന് നാലു ഭാഗമുണ്ട്. അറിയുന്ന ഭാഗം അറിയുന്ന ജോലി ചെയ്യുന്നു, തിരിച്ചറിയുന്ന ഭാഗം തിരിച്ചറിയുന്ന ജോലി ചെയ്യുന്നു, മൂല്യനിർണ്ണയം ചെയ്യുന്നു. സംവേദനാശീലമായ ഭാഗം സംവേദന അറിയുന്നു. പ്രതിക്രിയ ചെയ്യുന്ന ഭാഗം പ്രതിക്രിയ ചെയ്യുന്നു.

അനുഭൂതിയുടെ തലത്തിൽ മനസ്സിലായി വരുമ്പോൾ ഈ അറിവു നൽകുന്ന ആദ്യ ഭാഗം വളരെ ദുർബലമാണെന്ന് കാണും, പ്രതിക്രിയ ചെയ്യുന്ന ഭാഗം വളരെ ശക്തവും. എപ്പോൾ നോക്കിയാലും പ്രതിക്രിയ ചെയ്തു കൊണ്ടേയിരിക്കും. പ്രതിക്രിയ ചെയ്യുന്നത്, എന്ത് പ്രതിക്രിയയാണ് ചെയ്യുന്നത്? രാഗത്തിന്റെ അല്ലെങ്കിൽ ദ്വേഷത്തിന്റെ പ്രതിക്രിയ. എന്തെങ്കിലും നല്ലതായിട്ടുതോന്നി, സംവേദന സുഖദമായി, രാഗത്തിന്റെ പ്രതിക്രിയ ചെയ്യുന്നു. സംവേദന ദുഖദമായി, ദ്വേഷത്തിന്റെ പ്രതിക്രിയ ചെയ്യുന്നു. കണ്ടോ ഇതെത്രമാത്രം ശക്തമായിത്തീർന്നിരിക്കുന്നു! ഈ ഭാഗം എത്ര പ്രബലമാകുന്നുവോ, അത്രയും ബന്ധനം നടത്തികൊണ്ടിരിക്കും. അത്രയും കെട്ടുകൾ ഇട്ടുകൊണ്ടിരിക്കും. ഈ ഭാഗം എത്ര ദുർബ്ബലമായിത്തീരുമോ, അത്രയും ആ ഭാഗം, അതായത് വിജ്ഞാനം, അറിയുന്ന ഭാഗം ശക്തമായികൊണ്ടിരിക്കും. അതെത്ര സബലമായി ത്തീരുന്നോ, ഇത് അത്രയും ദുർബ്ബലമായിത്തീരും. ഈ ഭാഗം ദുർബ്ബലമായിത്തീരുന്തോറും സ്വഭാവം മാറികൊണ്ടിരിക്കും. ഇപ്പോൾ ഈ നാലാമത്തെ ഭാഗം എല്ലായ്പ്പോഴും എന്തെങ്കിലും പ്രതിക്രിയ ചെയ്യുന്ന സ്വഭാവത്തിലാണ്. എന്തെങ്കിലും പ്രതിക്രിയ ചെയ്താൽ ഉടനെ കെട്ടുകൾ ഇടും, ബന്ധനമായി. വികാരം ജനിപ്പിക്കലായി, വ്യാകുലത ജനിപ്പിക്കലായി. അനുഭൂതിയിലൂടെ ഈ കാര്യങ്ങളെല്ലാം മനസ്സിലായി വരും.

ഇവിടെ ഒരു തെററിദ്ധാരണ ഉണ്ടാകുന്നതായും കാണാം. വളരെ സമയം ഈ ഭ്രമം പിൻതുടരും. ദീർഘമായ കാലത്തിനുശേഷമെ ഈ ഭ്രമം തീരുകയുള്ളു. അതായത് ഈ അറിയുന്ന ഭാഗം – ഉത്പന്നമാകുന്നു, നഷ്ടമാകുന്നു; ശരി, സംവേദനാശീലമായ ഭാഗവും – ഉത്പന്നമാകുന്നു, നഷ്ടമാകുന്നു, അതും ശരി. പ്രതിക്രിയചെയ്യുന്ന ഭാഗവും പ്രതിക്രിയ ചെയ്യുന്നു, നഷ്ടമാകുന്നു. എന്നാൽ ഈ അറിയുന്ന ഭാഗം, ആദ്യഭാഗം – ചെവിയിൽ എന്ത് സംഭവിക്കുന്നു, അതും അറിയുന്നു. കണ്ണിൽ എന്ത് സംഭവിക്കുന്നു, അതും അറിയുന്നു, മൂക്കിൽ എന്തു സംഭവിക്കുന്നു, അതും അറിയുന്നു, ത്വക്കിൽ എന്തുസംഭവിക്കുന്നു, അതും അറിയുന്നു. മനസ്സിൽ എന്ത് സംഭവിക്കുന്നു അതും അറിയുന്നു; അത് സ്ഥിരമാണ്. തെറ്റിദ്ധാരണയല്ലേ? വളരെയധികം തെറ്റിദ്ധാരണകൾ ഈ മാർഗ്ഗത്തിൽ കാണും. ജോലി ചെയ്തു കൊണ്ടേയിരിക്കുമ്പോൾ ഇതും അനിത്യമാണ് എന്ന് അനുഭൂതമാകുന്നു എന്ന അവസ്ഥയിൽ എത്തും. ഇവിടെ ഉത്പന്നമാകുന്നതേയില്ല. കണ്ണില്ല എങ്കിൽ, രൂപങ്ങളേയില്ല, ആകൃതിയുമില്ല. ഇവ രണ്ടും തമ്മിലുള്ള സ്പർശമില്ലെങ്കിൽ ചക്ഷു വിജ്ഞാനം ഉണരുകയേയില്ല. കണ്ണില്ലാത്ത വ്യക്തിക്ക് ചക്ഷുവിജ്ഞാനം ഉണ്ടാകുന്നില്ല.

വേറെ വേറെ അറിഞ്ഞു തുടങ്ങും – ഈ ആറ് വിജ്ഞാനവും വേറെ, വേറെ! ഒരുമിച്ച് ഒന്നല്ല. ഒന്നു തന്നെ എല്ലായിടത്തും പ്രവർത്തിക്കുന്നു എന്നല്ല. ചക്ഷുവിന്റെ വിജ്ഞാനം കേവലം കണ്ണുമൂലമുണ്ടാകുന്ന അനുഭൂതിയെ മാത്രം അറിയുന്നു. മൂക്കിന്റെ വിജ്ഞാനം മൂക്കിലുണ്ടാകുന്ന അനുഭൂതിയുടെ മാത്രം ജോലി ചെയ്യും. ചെവിയുടെ വിജ്ഞാനം ചെവിയിലൂടെയുള്ള അനുഭൂതിയുടെ മാത്രം ജോലി ചെയ്യും. അങ്ങനെ ആറു വിജ്ഞാനവും അതാതിന്റെ മാത്രം പ്രവർത്തി ചെയ്യുന്നു. അതിന്റെ ഉത്പത്തി സംഭവിക്കുന്നത് ഇന്ദ്രിയവും അതിന്റെ വിഷയവും അവ തമ്മിലുള്ള സമ്പർക്കം ഉണ്ടാകുമ്പോൾ മാത്രമാണ്. സമ്പർക്കമുണ്ടായാൽ ഉടനെ ജോലി കഴിഞ്ഞു. വ്യയവുമായി ഉത്പന്നവുമായി. ഈ കാര്യങ്ങൾ കൂടുതൽ ഉയർന്ന അവസ്ഥയിൽ എത്തുമ്പോൾ മനസ്സിലാകും. അപ്പോൾ ഈ 'ഞാൻ' എന്നത് എത്ര വലിയ ഭ്രമമാണ്! ഞാൻ അറിയുന്നു, ഞാൻ തിരിച്ചറിയുന്നു. എനിക്ക് സംവേദനയുണ്ടാകുന്നു, ഞാൻ പ്രതിക്രിയ ചെയ്യുന്നു. ഞാൻ, ഞാൻ എന്നത് മനസ്സിലായിത്തുടങ്ങും – പ്രായോഗിക ജീവിതത്തിൽ ഞാൻ എന്ന് പറയേണ്ടിവരും, എന്റെ എന്നും പറയേണ്ടിവരും. വാസ്തവത്തിൽ ഞാനെന്ന് പറയുന്നതിൽ ഒന്നും തന്നെയില്ല. തെറ്റിദ്ധാരണ മാത്രമല്ലേ? ഈ തെറ്റിദ്ധാരണ മനസ്സിലായാൽ മതി. മുന്നേറും തോറും അനുഭൂതിയുടെ തലത്തിൽ മനസ്സിലാകും. ഇപ്പോൾ ഇതു മനസ്സിലാക്കുന്നതു വാക്കുകളിൽ മാത്രമാണ്.

ഈ കാര്യം അനുഭൂതിയുടെ തലത്തിൽ വ്യക്തമാകുന്തോറും 'ഞാൻ' നഷ്ടമായി കൊണ്ടിരിക്കും, അഹംഭാവം നഷ്ടമായി കൊണ്ടിരിക്കും. 'മമ' അഥവാ എന്റേതെന്ന ഭാവം നഷ്ടമായികൊണ്ടിരിക്കും. ഞാൻ എന്നതും എന്റെതെന്നതും എത്ര അലിഞ്ഞു തീരുന്നുവോ, എത്ര നഷ്ടമാകുന്നുവോ, ചിത്തം അത്രയും നിർമ്മലമായി തീരും. അത്രയും അന്തിമമായ അവസ്ഥയോട് അടുത്തുകൊണ്ടുമിരിക്കും. അന്തിമാവസ്ഥയിൽ എത്തുന്നതിന് 'അഹം' ഭാവത്തിന്റെ തരിപോലും ഇല്ലാതാകണം. ''ഞാൻ'' എന്നതിന്റെ തരിപോലുമില്ലാതാകുമ്പോൾ മുക്ത അവസ്ഥ എത്തും. അപ്പോൾ അർഹതാവസ്ഥ പ്രാപ്തമാകും. ബുദ്ധാവസ്ഥ പ്രാപ്തമാകും. സ്ഥിതപ്രജ്ഞനായി എല്ലാ ബന്ധനങ്ങളിൽ നിന്നും മുക്തനായി ത്തീരുന്നതിനുള്ള ഈ അവസ്ഥ – 'ഞാൻ' സമാപ്തമാകുമ്പോൾ എത്തും. ഇത് ബുദ്ധിയുടെ തലത്തിൽ മാത്രം തീർന്നാൽ കാര്യം സാധിക്കുകയില്ല. ബുദ്ധിയുടെ തലത്തിൽ എത്ര തന്നെ വിശ്വസിച്ചാലും – 'ഞാൻ' ഒന്നുമില്ല, 'ഞാൻ' കേവലം മിഥ്യയാണ് – ഈ വിശ്വാസങ്ങൾകൊണ്ട് യാതൊരു ലാഭവുമില്ല. അനുഭൂതിയുടെ തലത്തിൽ അറിഞ്ഞു തുടങ്ങുമ്പോൾ – ഓരോ ഖ്ഢ ങ്ങളെയും വിഘടനം ചെയ്ത് – ചിത്തത്തിന്റെ ഈ നാലു ഖണ്ഡങ്ങളെയും വിഘടനം ചെയ്ത് ചെയ്ത്, വിജ്ഞാനത്തിന്റെയും വിഘടനം ചെയ്ത് ചെയ്ത് മനസ്സിലാകും – വാസ്തവത്തിൽ 'ഞാൻ' ഒന്നുമില്ല. വെറും തെറ്റിദ്ധാരണയാണ്!

അതേപോലെ ചിത്തവൃത്തിയേയും അറിയുവാൻ തുടങ്ങും – എങ്ങനെയാണ് ഉണരുന്നത്, എങ്ങനെ മിഥ്യാ ബോധം ഉളവാക്കുന്നു. എങ്ങനെ കെട്ടുകൾ ഇട്ടുകൊണ്ടിരിക്കുന്നു, വീണ്ടും കെട്ടുകൾ ഇട്ടുകൊണ്ടേയിരിക്കുന്നു! കാരണം ശരീരത്തെയും നോക്കുന്നു, ചിത്തത്തിനേയും നോക്കുന്നു, ചിത്തവൃത്തിയേയും നോക്കുന്നു, അതിന്റെ സകല പ്രപഞ്ചത്തിനേയും നോക്കുന്നു, ഈ സംവേദനകളെ ആധാരമാക്കി എല്ലാം അനുഭവിച്ചറിയാൽ കഴിയുന്നു. സംവേദന എവിടെയാണുണ്ടാകുന്നത്? ശരീരത്തിൽ തന്നെയല്ലെ ഉണ്ടാകുന്നത്? തല മുതൽ ഉള്ളം കാലുവരെ കറങ്ങി, കാലു മുതൽ തലവരെ കറങ്ങി നോക്കുന്നു. അപ്പോൾ ശരീരത്തെകുറിച്ചുള്ള സത്യം ശരിക്കും അനുഭവതലത്തിൽ അറിയുന്നു. ശരീരത്തെ കുറിച്ചുള്ള സത്യമറിയുന്ന, ചിത്തത്തെ കുറിച്ചുള്ള സത്യമറിയുന്ന, ഈ സംവേദന അനുഭവിച്ചറിയുന്നത് ആരാണ്? ശരീരത്തിന് അനുഭവമുണ്ടാകുന്നില്ല, ചിത്തം ശരീരത്തിനോട് ചെർന്നിരിക്കുന്നതു കൊണ്ടാണ് അനുഭൂതിയുണ്ടാകുന്നത്. മൃതമായാൽ അനുഭൂതിയുണ്ടാകുന്നില്ല. യാതൊരു സംവേദനയും തോന്നുന്നില്ല. ഇന്നലെ പറഞ്ഞതുപോലെ, ഈ തലമുടി മൃതമാണ് സംവേദന അറിയുന്നില്ല. നഖം വളർന്ന് സംവേദന അറിയുന്നില്ല, മൃതമാണ്. എവിടെയെല്ലാം ചിത്തമുണ്ടോ, അവിടെയെല്ലാം സംവേദന അനുഭൂതമാകുന്നു. ചിത്തം കൂടിയിരിക്കുന്നതു മൂലമാണ് സംവേദന അനുഭൂതമാകുന്നത്.

നല്ലതുപോലെ അറിയുന്നു. ശരീരത്തെ അറിയുന്നു, ചിത്തത്തെ അറിയുന്നു. അവ പരസ്പരം എപ്രകാരം സ്വാധീനിക്കുകയും സ്വാധീനികപ്പെടുകയും ചെയ്യുന്നു എന്നും അറിഞ്ഞു തുടങ്ങുന്നു. എപ്പോൾ അറിഞ്ഞു തുടങ്ങുന്നു? സകല പ്രപഞ്ചത്തെയും സാക്ഷീഭാവത്തിൽ നോക്കുകയാണ്. ഈ പ്രപഞ്ചത്തിൽ നമ്മുടേതായ വിശ്വാസത്തിന്റെ നിറം പിടിപ്പിച്ചുതുടങ്ങുമ്പോൾ – നമ്മുടെ പരമ്പരയുടെ വിശ്വാസം ഇതാണ്. നമ്മുടെ അകത്ത് ഇന്ന തരത്തിലുള്ള ഒരു ആത്മാവുണ്ട്. ശരീരത്തോളം വരുന്ന ഒരു ആത്മാവ്. ശരീരം മുഴുവനും സംവേദന അനുഭൂതമാകുമ്പോൾ പറയും ശരീരം മുഴുവനും ചേതനയുടെ അനുഭൂതിയുണ്ടായി. തനിക്കു ആത്മാവിന്റെ അനുഭൂതിയുണ്ടായി. അപ്പോൾ പിന്നെ മുന്നേറുന്നതെങ്ങനെ? അയാൾ തന്റെ ലക്ഷ്യത്തെ പ്രാപിച്ചു, ആത്മാവിന്റെ അനുഭൂതിയുണ്ടായല്ലൊ! അതുകൊണ്ടാണ് പറയുന്നത് ഈ മാർഗ്ഗം ദാർശനീക വിശ്വാസം പുലർത്തുന്നവർക്കുള്ളതല്ല എന്ന്. മതിൽ കെട്ടിയുയർത്തും. ഇനി ചിലർക്ക് അത്മാവ് ഹൃദയക്ഷേത്രത്തിൽ തള്ളവിരലിന്റെ വലുപ്പത്തിലുള്ളതാണ്. തള്ളവിരൽ എത്ര വലുതാണോ, അത്രയും വലുപ്പമാണ് ആത്മാവിനും. ധ്യാനം ചെയ്ത് ചെയ്ത് ശരീരം മുഴുവനും തുറന്നു. തരംഗങ്ങൾ തന്നെ തരംഗങ്ങൾ. എന്നാൽ ഹൃദയഭാഗത്ത് വിരലോളം വരുന്ന ഭാഗം ഇപ്പോൾ തുറന്നിട്ടില്ല. മതി, കിട്ടിപ്പോയി. മതിയോ മതി. ആത്മാവിനെ താനറിഞ്ഞു കഴിഞ്ഞു. ഇവിടെ എത്തി, ഇവിടെ വിരലോളം വരുന്ന കട്ടിയായ ഒരു സ്ഥലമുണ്ട്. കിട്ടിപ്പോയി. തനിക്ക് ദർശനം ലഭിച്ചു. എങ്ങിനെ മുന്നേറും? ദാർശനിക വിശ്വാസത്തിൽ കുരുങ്ങിപ്പോയില്ലേ? മുന്നേറുകയേയില്ല. അതിനെ തന്നെ നോക്കി, നോക്കി മുറിച്ചു മുറിച്ച് എള്ളോളമുള്ള സ്ഥാനത്തെത്തി. വീണ്ടും വണ്ടി നിന്നുപോയി. കാരണം ഒരു ദാർശനിക വിശ്വാസമനുസരിച്ച് ആത്മാവ് എള്ളുപോലുള്ളതാണ്. തനിക്ക് ദർശനം ലഭിച്ചു. ഇനി മറ്റൊരു വിശ്വാസമനുസരിച്ച് ആത്മാവ് തലമുടിയുടെ രൂപത്തിലാണ്. തലമുടിപോലെ എവിടെയെങ്കിലും അനുഭൂതിയുണ്ടായാൽ തനിക്ക് ദർശനമായി. ഇനിയെന്തുവേണം? വീണ്ടും കുരുങ്ങിപ്പോയില്ലേ? ദാർശനിക വിശ്വാസത്തിൽ കുരുങ്ങുന്നിടത്ത് വണ്ടി നിൽക്കും. മുന്നോട്ടു പോകുവാൻ സാധിക്കുകയില്ല.

അതേപോലെ ആത്മാവുണ്ടെന്ന് വിശ്വസിക്കുന്നവനും ആത്മാവില്ലെന്ന് വിശ്വസിക്കുന്നവനും – വളരെ വലിയ ഒരു കൂട്ടം ആളുകളുണ്ട് – ശരീരത്തിനകത്ത് ഒരു ആത്മാവില്ല എന്ന വിശ്വാസം പുലർത്തുന്നവർ – സാധന ചെയ്ത് ചെയ്ത് ശരീരമാസകലം അനുഭൂതമായി. എല്ലായിടത്തും അനിത്യം മാത്രം. ഇതിനകത്ത് ആത്മാവേയില്ല. എവിടെയാണ് ആത്മാവ്? താൻ മുഴുവനും കണ്ടുകഴിഞ്ഞു. മതി. അയാളുടെ വണ്ടിയും നിന്നുപോയി. താൻ കണ്ടുകഴിഞ്ഞല്ലോ? ഒരാത്മാവുമില്ല. എന്നാൽ നീ ഇപ്പോൾ എന്തുകണ്ടെന്നാണ് പറയുന്നത്? നിനക്കിനിയും ഒരുപാട് കാണുവാൻ ബാക്കിയുണ്ട്. ദാർശനിക വിശ്വാസത്തിന്റെ ലഹരി തലയിൽ പിടിച്ചിരിക്കുകയാണ്, അയാൾ മുന്നേറുകയേയില്ല. ഏതെങ്കിലും ഒരനുഭൂതിയെ അന്തിമമായ അനുഭൂതിയെന്ന് വിശ്വസിച്ച് അവിടെ നിന്നുപോകും. എന്നാൽ സകല ദാർശനിക വിശ്വാസങ്ങളേയും ഒരിടത്ത് അലമാരിയിൽ അടച്ചുവെച്ചയാൾക്ക് ആത്മാവുണ്ടെങ്കിൽ ഉണ്ട്, തനിക്ക് തന്റെ വികാരങ്ങളെ ഇല്ലാതാക്കണം. എങ്കിലേ മുക്തി ലഭിക്കൂ, ഇല്ലെങ്കിൽ മുക്തിയുമില്ല. ഇനി ആത്മാവ് ഇല്ല എന്നിരുന്നാലും ശരി, തനിക്ക് തന്റെ വികാരങ്ങളിൽ നിന്നും മുക്തി നേടണം. വികാരങ്ങളിൽ നിന്നും മോചനം നേടാതെ മുക്തിയില്ല.

അതേ പോലെ ഒരു പരമാത്മാവുണ്ട്, ആ കുരുക്കിന്റെ പിന്നാലെയായി – ആത്മാവുണ്ട്, പരമാത്മാവുണ്ട്. എന്തോ, ഒരു അനുഭൂതി ലഭിച്ചു. അടഞ്ഞ കണ്ണുകൾക്കു മുൻപിൽ ഏതോ രൂപം, ഏതോ ആകൃതി, പ്രത്യക്ഷമായി, അത് മനസ്സിൽ ആഴത്തിലുണ്ടായിരുന്ന ഏതോ രൂപം. തനിക്ക് ദർശനം ലഭിച്ചു. ഇനി എന്ത് വേണം? താൻ മുക്തനായി. നിന്നുപോയി. വീണ്ടും നിന്നുപോകും. വേറെ ചിലർക്ക് പരമാത്മാവില്ല – ധ്യാനം ചെയ്തുചെയ്ത് കാണും. ഇത് സ്വയം ഉണ്ടാകുകയാണ്. ഇതിൽ പരമാത്മാവെന്തു ചെയ്യാൻ? പരമാത്മാവൊന്നുമില്ല എന്നു ഞാൻ കണ്ടറിഞ്ഞു. വീണ്ടും വണ്ടി നിന്നു. തനിക്ക് ഇനിയും വളരെയധികം കാണാനുണ്ട്. ദാർശനിക വിശ്വാസത്തിൽ കുരുങ്ങിപോയ വ്യക്തി വിപശ്ശനയുടെ അന്തിമമായ തലം വരെ എത്തുകയേയില്ല. അന്തിമമായ അവസ്ഥ വരെ യഥാർത്ഥത്തിൽ എത്തണം എന്നുണ്ടെങ്കിൽ രണ്ടു കാര്യങ്ങളുടെ കുരുക്കിൽ നിന്നും മുക്തനായേ തീരൂ. ഒന്ന് സകല സാമ്പ്രദായിക കുരുക്കുകളെയും ഒരിടത്ത് മാറ്റി വെക്കുക. മനുഷ്യൻ മനുഷ്യനാണ്. ഈ മതത്തിലേതായാലും ആ മതത്തിലേതായാലും ശരി. ധർമ്മം പക്ഷപാതം ചെയ്യുന്നില്ല. ഞാൻ ഈ മതത്തിൽ വിശ്വസിക്കുന്നവനാണ്, അതുകൊണ്ട് മുക്തനാകും എന്നാണെങ്കിൽ അത് നടപ്പുള്ള

കാര്യമല്ല. അല്ലെങ്കിൽ ഒരാൾ ഇന്ന സമ്പ്രദായത്തിലെ യാളാണെന്നതുകൊണ്ട് ഇയാൾ മുക്തമാവുകയില്ല എന്നതും സംഭാവ്യമല്ല. ഏതായാലും വികാരങ്ങളു ണർത്തി, കെട്ടുകളിടുന്ന സ്ഥാനം വരെ ചെന്നെത്തി, കെട്ടുകളിടുന്നത് അവസാനിപ്പിച്ചാൽ അയാൾ മുക്തനാകും. അയാൾ ഏത് സമുദായ ത്തിൽപ്പെട്ടവനായാലും ശരി, ഈ കാര്യം മനസ്സി ലായാൽ സാമ്പ്രദായികകാര്യങ്ങൾ പ്രയോജന രഹിതമെന്ന് മനസ്സിലാകും.

അതേപോലെ, ജാതികളുടെ കാര്യവും പ്രയോജന ശൂന്യമെന്ന് മനസ്സിലാകും. അതേപോലെ സ്ഥാനീയവാദവും പ്രയോജനരഹിതമെന്നറിയും. അതിനും ധർമ്മവുമായി യാതൊരു ബന്ധവുമില്ല. ബാക്കി സാമുദായിക കാര്യങ്ങൾ എങ്ങനെയെങ്കിലും ആയികൊള്ളട്ടെ, ധർമ്മവുമായി ബന്ധമൊന്നുമില്ല. അതും മുക്തിയുമായി യാതൊരു ബന്ധവുമില്ല. ഇങ്ങനെ മനസ്സിലായിത്തുടങ്ങും. അതേപോലെ തന്നെ ഈ ദാർശനിക വിശ്വാസങ്ങൾക്കും നമ്മുടെ മുക്തിയുമായി ബന്ധമില്ല. വിഭാഗീയ സമ്പ്രദായങ്ങൾ ധർമ്മത്തിന്റെ വലിയ ശത്രുവാണ്. ധർമ്മത്തിന്റെ മാർഗ്ഗത്തിലൂടെ നടന്ന് എല്ലാ വികാരങ്ങളിൽ നിന്നും മുക്തനാകണമെന്നാഗ്രഹിക്കുന്ന വ്യക്തിക്ക് സമ്പ്ര ദായങ്ങൾ വലിയ മതിൽ തീർക്കും, തടസ്സം ഉണ്ടാക്കും. അതേപോലെ മുക്തിയുടെ മാർഗ്ഗത്തിൽ നടന്ന് മുക്തി പ്രാപിക്കുന്ന വ്യക്തിക്ക് ദാർശനിക വിശ്വാസങ്ങളും മതിൽ തീർക്കും. വിശ്വാസം എന്തുതന്നെയായിരുന്നാലും ബന്ധനമാണ്. ഇതെ ല്ലാം ത്യജിച്ച് മുന്നേറണം. ദർശനം സമ്പൂർണ്ണ മാകുന്നത് സ്വന്തം അനുഭൂതിയിൽ അറിയു മ്പോൾ മാത്രമാണ്. ഈ ക്ഷണത്തിൽ ഈ ദർശനം സമ്യക്, ഈ ക്ഷണത്തിൽ ഈ ദർശനം ശരി, നമ്മുടെ അനുഭൂതിയിൽ അറിയുന്നവയാണ്. നമ്മൾ സത്യത്തെ അറിയുകയാണ്. അന്തിമമായ സത്യത്തിന്റെ അനുഭൂതിയുണ്ടാകുമ്പോൾ സമ്യക് ദർശനം അന്തിമ അവസ്ഥവരെ എത്തും. നമ്മൾ സമ്യക് ദർശനത്തിന്റെ ഓരോ ചുവടും വെച്ച് അനുഭൂതിയിലൂടെ മുന്നേറി ദർശനം നടത്തുകയാണ്. നമുക്ക് അതാണ് ശരിയായ ദർശനം.

നല്ലതുപോലെ മനസ്സിലായിത്തുടങ്ങിയാൽ മുന്നേറും. ശിബിരങ്ങളിൽ വരുന്ന വ്യക്തി ഒരു ശിബിരം, രണ്ടു ശിബിരം, മൂന്നു ശിബിരം വരെ കുരുങ്ങി തന്നെ കിടക്കും. തന്റെ സമ്പ്രദായം, സ്വന്തം സമ്പ്രദായം എന്റെ ദാർശനിക വിശ്വാസങ്ങൾ, എന്റെ ആചാരനുഷ്ഠാനങ്ങൾ, എന്റെ ഇന്നത്, എന്റെ ഇന്നത്..... പിന്നീട് സാവധാനം ഇവയെല്ലാം പൊള്ളയാണെന്ന് തോന്നിതുടങ്ങും. വിടുതൽ നേടി തുടങ്ങും. അപ്പോൾ മുന്നേറ്റവും തുടങ്ങും. നല്ലതുപോലെ മുന്നേറും.

എന്റെ അനുഭവം പറയാം. ഈ ഭാരം തലയിൽ ഇരുന്നത്ര കാലം തോന്നിയത് – എല്ലാം ശരി തന്നെ, എന്നാൽ ഇവിടെ ആത്മാവിൽ വിശ്വസിക്കുന്നില്ലല്ലൊ? പരമാത്മാവിൽ വിശ്വസി ക്കുന്നില്ലല്ലോ, ഇവർ നാസ്തികരാണ്. ശരി ഇവർ പറയുന്നതിൽ ഇത്രയും കാര്യം വിട്ടിട്ട് ബാക്കിയെല്ലാം ശരിയാണ്, അത്രയും സ്വീകരിക്കാം. എന്നാൽ ആ കാര്യം നമ്മൾ പറയുന്നതാണ് ശരി. കുറെ ദിവസം കഴിഞ്ഞു. മൂന്നു നാലു ശിബിരങ്ങൾ കഴിഞ്ഞപ്പോൾ ഒരു കാര്യം അകത്തുനിന്നും തോന്നി. ഉണ്ടെങ്കിലും ഇല്ലെങ്കിലും വികാരത്തിൽ നിന്നും മുക്തമാകണം. വികാരങ്ങൾ കഴുകി ക്കളയുന്നതിനുള്ള സോപ്പാണിത്. ബാക്കിയെല്ലാം ഒരു വശത്ത് മാറ്റിവെക്കാം. ഒരു വശത്ത് മാറ്റിവെക്കുന്ന ജോലിചെയ്തു. ഉടനെ ഈ മാർഗ്ഗത്തിലൂടെ കുതിച്ച് മുന്നേറ്റവുമായി. ഇത്രമാത്രം മുന്നേറി. അതുകൊണ്ട് സ്വന്തം അനുഭവത്തിൽ ഊന്നിയാണ് പറയുന്നത് – കുതിച്ചു മുന്നേറ ണമെങ്കിൽ ഈ കുരുക്കുകളിൽ നിന്നെല്ലാം വിടുതൽ നേടു. ഈ വലകളിൽപ്പെട്ടു കിടന്നാൽ – എന്റെ ദാർശനിക വിശ്വാസം ഇതാണ്. എന്റെ സമ്പ്രദായം ഇതാണ്. എന്റെ ജാതി ഇതാണ്. മുന്നോട്ടു നീങ്ങുവാൻ സാധിക്കുകയില്ല. മൂന്നു ദിവസത്തെ ശിബിരത്തിനാണ് വന്നിരിക്കുന്നത് എന്നിരുന്നാലും ഈ മാർഗ്ഗം എല്ലാ സമ്പ്രദായങ്ങൾക്കും ജാതി മതാനുഷ്ഠാനങ്ങൾക്കും ദാർശനിക വിശ്വാസ ങ്ങൾക്കും അപ്പുറത്താണ്. തന്റെ അനുഭവത്തിലൂന്നി അടിവെച്ചടിവെച്ച് മുന്നോട്ടു പോകുന്ന വ്യക്തി മുക്താവസ്ഥ വരെ എത്തും. അല്ലാത്തപക്ഷം എത്തുവാൻ സാധിക്കുകയില്ല. സ്വന്തം അനുഭവ ത്തിൽ എത്രമാത്രം സത്യം അറിയുന്നുവോ അത്രയും സത്യം അംഗീകരിച്ചുകൊണ്ട് മുന്നോട്ടു നിങ്ങുക. ഈ ദൃഢനിശ്ചയത്തോടെ മുന്നേറുക. ഇനി നാളത്തെ ദിവസവും കൂടിയുണ്ട്. ജോലി ചെയ്യണം. വിദ്യ ശരിയായി പഠിക്കണം, അതു ജീവിതം മുഴുവനും ഉപകരിക്കണം. വളരെ ധന്യമായ മാർഗ്ഗമാണ്, ശരിക്കും നീളമുള്ള മാർഗ്ഗമാണ്. വളരെ ദൃഢനിശ്ചയത്തോടെ, ഈ മാർഗ്ഗത്തിലൂടെ നടന്നുകൊണ്ടിരിക്കൂ. നിഷ്ഠയോടെ നടന്നുകൊണ്ടി രിക്കൂ. കുറെ കഴിഞ്ഞാണെങ്കിലും ശരി, അന്തിമമായ അവസ്ഥവരെ എത്തുക തന്നെ ചെയ്യും.

ഈ മാർഗ്ഗത്തിലൂടെ നടക്കുവാൻ എത്തി യിട്ടുള്ള എല്ലാവരും അന്തിമമായ അവസ്ഥ യിൽ എത്തുമാറാകട്ടെ, ബന്ധനങ്ങളിൽ നിന്നും വിടുതൽ ലഭിക്കുമാറാകട്ടെ, തന്റെ ബന്ധനങ്ങലിൽ നിന്നും മോചനം ലഭിക്കുമാറാകട്ടെ. എല്ലാവർക്കും മംഗളം ഭവിക്കട്ടെ! എല്ലാവർക്കും നല്ലതുവരട്ടെ! എല്ലാ വർക്കും സ്വസ്തി–മുക്തി ലഭിക്കട്ടെ.

ഭവതു സർവ്വ മംഗളം.

സാധു, സാധു, സാധു.

.....തുടരും.